©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വ്യാഴം<br><br>Thiruvananthapuram,<br>Thursday | 2019 ഡിസംബർ 12<br>12th December 2019<br>1195 വൃശ്ചികം 26<br>26th Vrishchikam 1195<br>1941 അഗ്രഹായനം 21<br>21st Agrahayana 1941 | നമ്പർ<br>No. **3087** |

**GOVERNMENT OF KERALA**

**REVENUE (B) DEPARTMENT**

**NOTIFICATION**

G.O.(P)No.91/2019/RD Dated, 12/12/2019
Thiruvananthapuram,

**എസ്. ആർ. ഒ. നമ്പർ 974/2019**

WHEREAS, the Government of Kerala have as per notification No. G.O(P) No.649/2015/RD dated 4/12/2015 appointed the Deputy Collector, LA, Wayanad to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector, LA, Wayanad as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, it appears to the Government that the land specified in the Schedule below is needed or is likely to be needed for public purpose to wit for the construction of Government Medical College, Wayanad.

Now, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land are accordingly required to lodge before the Deputy Collector LA, Wayanad within 15 days from the date of publication of the above notification or after giving public notice regarding this whichever is later, a statement in writing of the objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website https://www.wayanad.gov.in.

04/12/2015-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 649/2015/റവ വിജ്ഞാപനം പ്രകാരം വയനാട് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 വ്യവസ്ഥകൾക്ക്നുസരിച്ച് ഭൂമി പൊന്നുംവില നടപടിക്രമ പ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ നിയോഗിക്കപ്പെട്ടതിനാലും ;

ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി വയനാട് എൽ.എ ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിട്ടുള്ളതിനാലും;

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും ;

ആയത് കൊണ്ട് ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരു അറിയിപ്പ് ഇതുമായി ബന്ധപ്പെട്ട ഏതൊരാൾക്കും ഇതിനാൽ നൽകുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നല്കിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നുംവിലക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം ഡെപ്യൂട്ടി കളക്ടർ, എൽ.എ, വയനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ https://www.wayanad.gov.in ൽ ലഭ്യമാണ്. ആയതിന്റെ രത്നചുരുക്കം താഴെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### പട്ടിക
### (ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല : വയനാട്
താലൂക്ക് : വൈത്തിരി
വില്ലേജ് : ചുണ്ടേൽ

എല്ലാ സ്ഥലങ്ങളും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടുന്നു.

| ക്രമ. നം. | സർവ്വെ നം. | വിവരണം | വിസ്തീർണ്ണം (ഹെക്ടറിൽ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ കാരണം | കൈവശക്കാരന്റെ പേര് വിവരം |
|---|---|---|---|---|---|---|
| 1 | റീ.,സ.നം. 34/2, 35/1 | പുരയിടം (കെ .എൽ .ആർ.ആക്ട് സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ച ഭൂമി) | 20.249 ഹെക്ടർ (50 ഏക്കർ) | വയനാട് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി | ഈ പദ്ധതിക്കുവേണ്ടി യാതൊരു വാസഗൃഹങ്ങളും ഏറ്റെടുക്കുന്നില്ല. | മാനേജർ , ചേലോട് എസ്റ്റേറ്റ്, ചുണ്ടേൽ |

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം</u>

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് ആരോഗ്യമേഖലക്ക് ഒരു മുതൽക്കൂട്ടാകും. ജില്ലയുടെ അതിർത്തി സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിലും ഉള്ള പൊതുജനങ്ങൾക്ക് ഈ മെഡിക്കൽ കോളേജിന്റെ സേവനം ഉപയോഗപ്രദമാണ്. വയനാടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് മെഡിക്കൽ കോളേജ് സ്ഥാപിച്ചാൽ ജില്ലയിലെ എല്ലാ മേഖലയിൽ നിന്നുമുള്ള ജനങ്ങൾക്ക് സൗകര്യപ്രദമാകും.

നിർദ്ദിഷ്ട പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്ന 50 ഏക്കർ സ്ഥലവും റോമൻ കാത്തലിക് ഡയോസിസ് ഓഫ് കാലിക്കറ്റിന്റെ കൈവശത്തിലുള്ള ചേലോട് എസ്റ്റേറ്റിന്റെ ഒരു ഭാഗമാണ്. ഈ പ്രദേശം പ്രധാനമായും കാപ്പി കൃഷിക്കായി ഉപയോഗിക്കുന്നു. ഒരു ഏക്കറിൽ ഏകദേശം 500 മുതൽ 640 വരെ കാപ്പിച്ചെടികൾ എന്ന തോതിൽ 50 ഏക്കർ സ്ഥലത്തും ഇത്തരം കൃഷിയാണ് പ്രധാനമായും നിലവിലുള്ളത്. ഇതു കൂടാതെ കാറ്റാടി, ആഞ്ഞിലി, ഈട്ടി, പേര തുടങ്ങി മറ്റു പല മരങ്ങളും പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരം കൃഷി രീതികൾ മികച്ച ഒരു ആവാസ വ്യവസ്ഥക്ക് കാരണമാകുന്നതോടൊപ്പം സ്ഥല ഉടമസ്ഥർക്കും സ്ഥലത്ത് ജോലി ചെയ്യുന്നവർക്കും വരുമാനവും നല്കുന്നു.

പ്രസ്തുത പദ്ധതിക്കായി മറ്റൊരു പ്രദേശം പരിഗണിക്കുകയുണ്ടായി. എന്നാൽ ആ പ്രദേശം പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുന്നതിനാൽ നിലവിലെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിക്കുകയുണ്ടായി. പാർപ്പിട ആവശ്യങ്ങൾക്കായോ വാണിജ്യ ആവശ്യങ്ങൾക്കായോ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ഒന്നും തന്നെ പ്രസ്തുത പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിട്ടില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വേണു വി
പ്രിൻസിപ്പൽ സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീ ഹാബിലിറ്റേഷൻ & റീ സെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.15-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- വയനാട് ജില്ലയിലെ ചൂണ്ടേൽ വില്ലേജിലെ 50 ഏക്കർ സ്ഥലം വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ദ്ധ സമിതി ശുപാർശ - 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

**സ.ഉ.(കൈ) നം.373/2019/റവ.** തീയതി,തിരുവനന്തപുരം, 12/12/2019

---

പരാമർശം:- 1. 27-09-2019 ലെ സ.ഉ.(അച്ചടി) 59/2019/റവ നമ്പർ സർക്കാർ ഉത്തരവ്

2. വയനാട് ജില്ലാ കളക്ടറുടെ 07.12.2019 ലെ DCWYD/2197/2019-B2 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ ചൂണ്ടേൽ വില്ലേജിലെ 50 ഏക്കർ സ്ഥലം വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിനു വേണ്ടി 2013-ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സെന്റർ ഫോർ മനേജ്മെന്റ് ഡെവലപ് മെന്റ്, തൈക്കാട്, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയുണ്ടായി. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും, ഗവണ്മെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിനായി വയനാട് ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.

വിദഗ്ദ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013-ലെ എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം വയനാട് ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയുടെ ശുപാർശ പരാമർശം ( 2 ) പ്രകാരം സമർപ്പിക്കുകയുണ്ടായി. 2013-ലെ

എൽ.എ.ആർ.ആർ. നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആക്ടിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിനു തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദഗ്ധ സമിതിയുടെ ശുപാർശ, സാമൂഹ്യാഘാത പഠന റിപ്പോർട്ട് വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിനു വേണ്ടി വയനാട് ജില്ലയിലെ ചൂണ്ടേൽ വില്ലേജിലെ 50 ഏക്കർ **ഭൂമിയിൽ നെൽവയൽ / തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള ഭൂമി ഉണ്ടെങ്കിൽ**, പ്രസ്തുത ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ പരിവർത്തനം ചെയ്യാവൂ എന്ന വ്യവസ്ഥക്കു വിധേയമായി 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ ബിജു ഐ എ എസ്**
**അഡീഷണല് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ പി.എ. ക്ക്
റവന്യൂ ഡെപ്യൂട്ടി സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

വയനാട് മെഡിക്കൽ കോളേജിനായി കണ്ടെത്തിയ വൈത്തിരി താലൂക്കിലെ ചുണ്ടേൽ വില്ലേജിലെ ഭൂമിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തിയ വിദഗ്ദ സമിതിയുടെ ശിപാർശകൾ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015-ലെ ചട്ടം 16 പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്.

## വിദഗ്ദ സമിതിയുടെ ശിപാർശകൾ

1) കബനിയുടെ പ്രഭവ കേന്ദ്രങ്ങളായതും ഈ പ്ലോട്ടിൽ നിന്നും തുടങ്ങുന്ന പ്രധാനപ്പെട്ട 4 നീരുറവകൾ സംരക്ഷിച്ചുകൊണ്ടുവേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ.
2) ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകളെ കാപ്പിച്ചെടികളും മരങ്ങളും മുറിച്ചു നീക്കാൻ അനുവദിക്കരുത്.
3) പ്രകൃതിക്കനുഗുണമായ കെട്ടിട, റോഡ് നിർമ്മാണ രീതികൾ അനുവർത്തിക്കേണ്ടതായുണ്ട്. അതിനായി പ്രത്യേക നിർമ്മാണ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതുണ്ട്.
4) 50 ഏക്കറിനുള്ളിൽ താമസിക്കുന്ന വീടുകളോ സ്വകാര്യ ഭൂമിയോ ഉള്ളതായി കണ്ടില്ല. നിമ്നോന്നതമായ ഭൂമിയിൽ കാപ്പിച്ചെടികൾക്ക് പുറമെ ചില വൃക്ഷങ്ങളും ഉണ്ട്.
5) തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നില്ലെന്ന് റിപ്പോർട്ട് പറയുമ്പോഴും 50 ഏക്കർ വരുന്ന കാപ്പി തോട്ടത്തിൽ സ്ഥിരം തൊഴിലാളികൾ ഉണ്ടെങ്കിൽ അവരുടെ ഉപജീവന മാർഗ്ഗത്തിന് ബദൽ കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ പദ്ധതി രേഖയിലുണ്ടാവണം.
6) 50 ഏക്കർ പ്ലോട്ടിനു ചുറ്റും സാധാരണ മനുഷ്യരുടെ അവാസ കേന്ദ്രമായതിനാൽ മാലിന്യ സംസ്കരണം, മലിന ജല പുന ചംക്രമണ സംവിധനങ്ങൾ, നൂതനമായ എല്ലാ സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്.
7) ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് EIA നടത്തേണ്ടതായുണ്ട്. ആയതിനു ശേഷം മാത്രം മരങ്ങളും ചെടികളും മുറിച്ചു മാറ്റാൻ പാടുള്ളു.

ഈ നിർദ്ദേശങ്ങളോടു കൂടി ഈ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്.

പൊതു ആവശ്യാർത്ഥം ആശുപത്രി നിർമ്മാണത്തിനായി പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാവുന്നതാണ്.